LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവർക്ക്, കൂട്ടുകൃഷി ചെയ്യുന്നതടക്കമുള്ള ആവശ്യങ്ങൾക്കായി ഒരു ലക്ഷം രൂപവരെ എടുത്ത വായ്പകൾക്ക് 4 ശതമാനം പലിശ ഈടാക്കുന്നതിനും 5 ശതമാനം സർക്കാർ സബ്സിഡിയായി നൽകുന്നതിനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ള കുടുംബശ്രീ/അയൽക്കൂട്ടങ്ങൾ ഉൾപ്പെടെയുള്ള സ്വയം സഹായ സംഘങ്ങൾക്ക് കൂടി ബാധകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നെല്ല്, പച്ചക്കറി, വാഴ, കപ്പ എന്നീ കൃഷികൾക്ക് നൽകുന്ന വായ്പയ്ക്ക് 4 ശതമാനം പലിശ ഈടാക്കുന്നതിനുള്ള പദ്ധതി 2008-2009 വർഷംവരെ നിലനിന്നിരുന്നു. ഇപ്പോൾ നെൽകൃഷിക്ക് പലിശരഹിത വായ്പയും, മറ്റെല്ലാ ഹ്രസ്വകാല കാർഷിക വായ്പകൾക്കും 7 ശതമാനം പലിശയും ഈടാക്കുന്നതിനുള്ള നിർദ്ദേശമാണ് നിലവിലുള്ളത്.

(സി) പദ്ധതി നിലവിൽ ഇല്ലാത്തതിനാൽ ബാധകമല്ല.

(ഡി) പദ്ധതി നിലവിൽ ഇല്ലാത്തതിനാൽ ബാധകമല്ല.

(ഇ) പദ്ധതി നിലവിൽ ഇല്ലാത്തതിനാൽ ബാധകമല്ല.

(എഫ്) പദ്ധതി നിലവിൽ ഇല്ലാത്തതിനാൽ ബാധകമല്ല.

(ജി) പദ്ധതി നിലവിൽ ഇല്ലാത്തതിനാൽ ബാധകമല്ല.

(എച്ച്) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിൽ ഇല്ലാത്തതിനാൽ സബ്സിഡിയോടെ 4 ശതമാനം പലിശ നിരക്കിൽ എല്ലാ കർഷകർക്കും വായ്പ നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

കേരളത്തിലെ സഹകരണ നിക്ഷേപ വായ്പാമേഖല ശക്തിപ്പെടുത്തുന്നതിന് നടപടി

3 (4058) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സഹകരണ നിക്ഷേപ വായ്പാ മേഖല ശക്തിപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നിക്ഷേപ വായ്പാ മേഖലകളിൽ ഈ സർക്കാർ വന്നശേഷം എന്തുമാത്രം പുരോഗതി കൈവരിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) സഹകരണ മേഖലയിൽ ഇതുവരെ നടന്ന നിക്ഷേപ സമാഹരണ യജ്ഞം മുഖേന എത്ര കോടി രൂപ സമാഹരിച്ചിട്ടുണ്ട് ; ഈ സർക്കാർ വന്ന ശേഷം എത്ര കോടി രൂപ സമാഹരിച്ചു ;

(ഡി) പിന്നോക്കം നിൽക്കുന്ന സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) കേരള നിയമസഭയിൽ പ്രഖ്യാപിച്ച സഹകരണ നവരത്നം കേരളീയം എന്ന ഒമ്പതിന കർമ്മ പരിപാടിയിൽ നിക്ഷേപ സമാഹരണത്തിന് മുന്തിയ പരിഗണന നൽകുകയും കേരളപ്പിറവിയുമായി ബന്ധപ്പെടുത്തി എല്ലാ വർഷവും നവംബർ മാസത്തിൽ സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ മാസമായി ആചരിക്കുകയും ആയതിനാൽ സഹകരണ നിക്ഷേപം കേരളീയം എന്ന ക്യാമ്പയിൻ സംഘടിപ്പിച്ചുംവരുന്നു. ഇതിനുപുറമെ മാർച്ച് മാസത്തിൽ പരമ്പരാഗത നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിച്ചു വരുന്നു. കൂടാതെ, സഹകരണസംഘം ജീവനക്കാരും ഭരണസമിതി അംഗങ്ങളും നിക്ഷേപം സഹകരണ സ്ഥാപനങ്ങളിൽത്തന്നെ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. നിക്ഷേപങ്ങൾക്ക് സഹകരണ മേഖല ആകർഷകമായ പലിശ നിരക്കാണ് നൽകിവരുന്നത്. പ്രത്യേകിച്ച് നിക്ഷേപ സമാഹരണ ക്യാമ്പയിൻ കാലഘട്ടത്തിൽ, കൂടാതെ, മുതിർന്ന പൗരൻമാർക്ക് അരശതമാനം അധിക പലിശ നിരക്കും നൽകുന്നു. ക്യാമ്പയിൻ കാലയളവിൽ ഏറ്റവും കൂടുതൽ അധിക നിക്ഷേപം സമാഹരിക്കുന്ന ജില്ലകൾക്കും സ്ഥാപനങ്ങൾക്കും ട്രോഫികൾ സമ്മാനിക്കുന്നു. വരുന്ന ഒരു വർഷക്കാലം നടപ്പിലാക്കുന്ന പദ്ധതികളിൽ നിക്ഷേപ സമാഹരണത്തിന് പ്രത്യേക പ്രാധാന്യം നൽകുകയും സഹകരണ മേഖലയിലെ നിക്ഷേപം 70,000 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രധാന വിഭവമായ നിക്ഷേപം വർദ്ധിപ്പിക്കുന്നതോടൊപ്പം ആയത് നാടിന്റെ വികസനത്തിന് ഉപയോഗിക്കുവാനും, ജനങ്ങളുടെ കാർഷികവും കാർഷികേതരവുമായ എല്ലാവിധ വായ്പാ ആവശ്യങ്ങളും നിറവേറ്റുന്നതിനായി സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും എല്ലാവിധ വായ്പകളും വിതരണം ചെയ്യുന്നതിനും, എല്ലാത്തരം വായ്പകളുടെ പരിധിയും, ഒരംഗത്തിന് പരമാവധി നൽകാവുന്ന വായ്പാ തുക വർദ്ധിപ്പിച്ചും ഉത്തരവായിട്ടുണ്ട്. ഇതിനുപുറമെ ഓരോ ബാങ്കിനും യോജിച്ച തരത്തിൽ പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്ക്കരിച്ച് സഹകരണസംഘം രജിസ്ട്രാറുടെ പ്രത്യേക അനുമതിയോടെ നടപ്പിലാക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ശ്രദ്ധയാകർഷിച്ച ഇ.എം.എസ് ഭവന പദ്ധതി പോലുള്ള പ്രത്യേക പദ്ധതികൾക്കാവശ്യമായ തുക വായ്പ നൽകുന്നതിന് സഹകരണ സംഘങ്ങൾ/ബാങ്കുകളെ അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ സഹകരണ മേഖലയിൽ സ്വരൂപിക്കുന്ന നിക്ഷേപത്തിൽ നിയമാനുസൃതം സൂക്ഷിക്കേണ്ട പ്രത്യേക കരുതലുകൾ ഒഴികെ മുഴുവൻ തുകയും വായ്പാവശ്യങ്ങൾ നിറവേറ്റുന്നതിന് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആകെ നിക്ഷേപത്തിന്റെ 80 ശതമാനത്തിൽ കുറയാതെ വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സഹകരണ മേഖലയിലെ നിക്ഷേപം 20287.23 കോടി രൂപയായിരുന്നു. അത് 31-3-2007-ന് 28754.60 കോടി രൂപയായും 31-03-2008 ന് 37641.99 കോടി രൂപയായും 31-3-2009 ന് 48075.08 കോടി രൂപയായും 31-3-2010 ന് 61134.16 കോടി രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. നിക്ഷേപത്തിലുണ്ടായ വർദ്ധനവിന് ആനുപാതികമായ വർദ്ധനവ് വായ്പാ വിതരണത്തിലും ഉണ്ടായിട്ടുണ്ട്. 31-5-2010-ലെ സ്ഥിതി പ്രകാരം സംസ്ഥാനത്തെ സഹകരണ മേഖലയിൽ 46660.49 കോടി രൂപയുടെ വായ്പ ബാക്കി നിൽപ്പാണുള്ളത്.

(സി) 1976-ലാണ് സംസ്ഥാനത്തെ സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ യജ്ഞം ആരംഭിച്ചത്. ഓരോ വർഷവും മാർച്ച് മാസത്തിൽ പരമ്പരാഗത നിക്ഷേപ സമാഹരണ യജ്ഞവും, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നവംബർ മാസത്തിൽ സമാഹരണ നിക്ഷേപം കേരളീയം ക്യാമ്പയിനും സംഘടിപ്പിച്ചു വരുന്നു, സഹകരണമേഖലയിൽ 2010 മാർച്ച് വരെ 31 നിക്ഷേപ സമാഹരണ യജ്ഞവും 4 സഹകരണ നിക്ഷേപം കേരളീയം ക്യാമ്പയിനും സംഘടിപ്പിക്കുകയുണ്ടായി. പരമ്പരാഗത നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ ഇതുവരെ ആകെ 26,495.14 കോടി രൂപയും സഹകരണ നിക്ഷേപം കേരളീയം ക്യാമ്പയിനിലൂടെ ഇതുവരെ 10645.67 കോടി രൂപയും ഉൾപ്പെടെ നിക്ഷേപ സമാഹരണ യജ്ഞം മുഖേന സംസ്ഥാനത്തെ സഹകരണ മേഖലയിൽ നാളിതുവരെ 37140.81 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാർച്ച് മാസങ്ങളിൽ 4 പരമ്പരാഗത നിക്ഷേപ സമാഹരണ യജ്ഞവും, നവംബർ മാസങ്ങളിൽ 4 സഹകരണ നിക്ഷേപം കേരളീയം ക്യാമ്പയിനുകളും സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ക്യാമ്പയിനുകളിലൂടെ ആകെ 23978.62 കോടി രൂപ സമാഹരിക്കുകയുണ്ടായി.

(ഡി) പിന്നോക്കം നിൽക്കുന്ന സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി സർക്കാർ ഓഹരി വായ്പ, സബ്സിഡി ഇനത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം അനുവദിക്കുന്നു. സ്കൂൾ, കോളേജ് സഹകരണസംഘങ്ങൾ മേഖലാ സ്കൂൾ സ്റ്റോറുകൾ, സർവ്വകാലാശാല സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകൾ തുടങ്ങി 69 സംഘങ്ങൾക്ക് ഈയിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം ആകെ 119.88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ പ്രകാരം 12 സംഘങ്ങൾക്ക് ഓഹരി, വായ്പ, സബ്സിഡി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 42.48 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. ഇതിനു പുറമെ പീഡിത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനത്തിൽ 201 സംഘങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ആകെ 2000 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമെ സാഹിത്യ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തക സഹകരണ സംഘം, ദുർബല കാർഷിക സംസ്ക്കരണ യൂണിറ്റുകളുടെ പുനുരദ്ധാരണം, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധനശേഷി ശക്തിപ്പെടുത്തുക, ദുർബല വിപണന സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, 2008-2009 സാമ്പത്തിക വർഷം പ്രവർത്തനം മന്ദഗതിയിലായ് കായംകുളം ട്രാൻസ്പോർട്ട് സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിന് വായ്പയായി 3 കോടി രൂപയും ആലപ്പുഴ, കോട്ടയം ജില്ലകളിലെ കക്ക വ്യവസായ സഹകരണ സംഘങ്ങൾക്ക് ഒരു കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ, സഹകരണ നവരത്നം ബമ്പർ ലോട്ടറിയുടെ ലാഭത്തിൽ നിന്നും 85 സഹകരണ സ്ഥാപനങ്ങൾക്കായി 1456 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

വായ്പാ അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കാൻ നടപടി

4 (4059) ശ്രീ. എം. ഉമ്മർ :

ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിന് നൽകുന്ന അപേക്ഷകൾ അടിയന്തരമായി തീർപ്പു കൽപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ വായ്പ എടുക്കുന്നതിന് അപേക്ഷ ലഭിച്ച് 15 ദിവസങ്ങൾക്കകവും കേരളാ സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് 20 ദിവസങ്ങൾക്കകവും തീർപ്പ് കൽപ്പിക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ 89/80 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സഹകരണ ബാങ്കുകൾ, വായ്പാ സംഘങ്ങൾ എന്നിവയിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച് പ്രത്യേക കാലാവധി നിർദ്ദേശിച്ചിട്ടില്ലായെങ്കിലും കഴിയുന്നതും വേഗം വായ്പയുടെ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നുണ്ട് എന്ന് സഹകരണ വകുപ്പിന്റെ പരിശോധനയിൽ ഉറപ്പാക്കാറുണ്ട്. ഏതെങ്കിലും കാരണവശാൽ, വായ്പകൾ യഥാസമയം, ലഭിക്കുന്നില്ലെന്ന് പരാതികൾ ലഭിക്കുന്നവയിൽ, സംഘങ്ങൾക്ക് നിർദ്ദേശം നൽകാറുണ്ട്. എന്നിരുന്നാലും ഇക്കാര്യത്തിൽ ഒരു സമയപരിധി നിശ്ചയിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly